പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1149 | 04.02.2019-ൽ മറുപടിക്ക്

## ഓട്ടാഫീസ് കടവ് പാലത്തിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മാത്യു റ്റി.തോമസ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഓട്ടാഫീസ് കടവ് പാലത്തിന്റെ നിർമ്മാണം എന്നാണ് തുടങ്ങിയതെന്ന് വ്യക്തമാക്കാമോ; | (എ) ഓട്ടോഫീസ് കടവ് പാലത്തിന്റെ നിർമ്മാണം 22.09.2010-ൽ ആരംഭിക്കുകയും 14.12.2017-ൽ പാലം പണി പൂർത്തീകരിക്കുകയും ഉണ്ടായി. പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം 01.03.2018-ൽ ആരംഭിച്ചു. |
| (ബി). പാലത്തിന്റെ പണികൾ കരാറുകാരൻ അനന്തമായി നീട്ടികൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിക്കവേ ഒരു സ്ഥലവാസി നൽകിയ (WPC-10355/2018) കേസിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ പണി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. സ്റ്റേ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) സ്റ്റേ നീക്കി കിട്ടിയാൽ അപ്രോച്ച് റോഡിന്റെ പണി രണ്ട് മാസത്തിനകം പൂർത്തീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ